മി. സ്പീക്കർ : ചോദ്യം 59, ശ്രീ. പി. രാഘവൻ, ബഹുമാനപ്പെട്ട ധന കാര്യ വകുപ്പുമന്ത്രി. ഒരേ വിഷയമായതുകൊണ്ട് ചോദ്യം 62 കൂടി എടുക്ക ണം.

3 (* 59) ഏകീകൃത വിൽപ്പന നികുതി സംവിധാനം

ശ്രീ. പി. രാഘവൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. എം.എ. തോമസ് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 നവംബർ മാസത്തിൽ ഡൽഹിയിൽ ചേർന്ന സംസ്ഥാന മുഖ്യമന്ത്രിമാർ, ധനകാര്യമന്ത്രിമാർ എന്നിവരുടെ യോഗത്തിൽ സംസ്ഥാനങ്ങ ളിലെ വിൽപ്പന നികുതി ഏകീകരിക്കുന്നതിനെ സംബന്ധിച്ച് തീരുമാനം എടു ത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇത് കേരളത്തിൽ താൽപ്പര്യങ്ങൾക്ക് ഗുണകരമാണോ; എങ്കിൽ സംസ്ഥാനത്തിനുണ്ടാകുന്ന ഗുണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഏകീകൃത വിൽപ്പന നികുതി സമ്പ്രദായം നടപ്പിലാക്കുന്ന തോടെ സംസ്ഥാനത്ത് വില കുറയാൻ സാദ്ധ്യതയുള്ള അവശ്യ സാധനങ്ങൾ ഏതൊക്കെയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെയാ ണെന്ന് വ്യക്തമാക്കുമോ;

(ഡി) വിൽപ്പന നികുതി ഏകീകരിക്കുന്നതിനായി വിൽപ്പന നികുതി നിയമത്തിൽ ആവശ്യമായ മാറ്റം വരുത്താൻ എന്തെല്ലാം നടപടികൾ സ്വീക രിച്ചു എന്ന് അറിയിക്കുമോ;

(ഇ) കേന്ദ്ര ഗവണ്മെന്റ് നടപ്പാക്കാനുദ്ദേശിക്കുന്ന ഏകീകൃത വിൽപ്പന നികുതി സമ്പ്രദായത്തെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും വില യിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്)ഏകീകൃത വിൽപ്പന നികുതി സമ്പ്രദായം മൂലം വില വർദ്ധന വുണ്ടാകുന്ന സാധനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ജി) സംസ്ഥാനത്ത് ഏകീകൃത വിൽപ്പന നികുതി സംവിധാനം പ്രാബല്യത്തിൽ വന്നാൽ ആയതു നികുതി വരുമാനത്തെ ഏതെങ്കിലും വിധ ത്തിൽ ബാധിക്കുമെന്നു കരുതുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടു ത്തുമോ;

(എച്ച്) ഏകീകൃത വിൽപ്പന നികുതി സംവിധാനത്തിന്റെ അടിസ്ഥാന തത്വം എന്തെന്നു വെളിപ്പെടുത്തുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ,

(എ) സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണപ്രദേശങ്ങൾക്കും ബാധക മായ രീതിയിൽ 1-1-2000 മുതൽ നികുതി നിരക്കിൽ ഏകീകൃത 'ഫ്ളോർ റേറ്റ്' (uniform floor rate) നടപ്പിലാക്കണമെന്നും വ്യവസായങ്ങൾക്കുള്ള വിൽപ്പന

LIBRARY ARCHIVES Kerala Legislative Assembly

നികുതി ഇളവുകൾ നിർത്തലാക്കണമെന്നും 1.4.2001 മുതൽ മൂല്യവർദ്ധിത നികുതി സമ്പ്രദായം ഏർപ്പെടുത്തണമെന്നും തീരുമാനിച്ചിട്ടുണ്ട്.

(ബി മുതൽ ജി)വരെ പരിശോധിച്ചു വരുന്നു.

(എച്ച്) നികുതി നിരക്കുകളിലും ആനുകൂല്യങ്ങളിലും സംസ്ഥാനങ്ങൾ തമ്മിലുള്ള കിടമത്സരം ഒഴിവാക്കുകയാണ് മുഖ്യമായും ഏകീകൃത വിൽപ്പന നികുതി സമ്പ്രദായം കൊണ്ട് ഉദ്ദേശിക്കുന്നത്.

മി. സ്പീക്കർ : ചോദ്യം 62, ശ്രീ. എ.കെ. മണി, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി.

4 (* 62) വിൽപ്പന നികുതി ഏകീകരിക്കുന്ന നടപടി

ശ്രീ. എ.കെ. മണി :

ശ്രീ. കെ.സി. ജോസഫ് :

ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യ മുഴുവൻ വിൽപ്പന നികുതി ഏകീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നു മുതൽ ഇത് നടപ്പാക്കും;

(സി) ഇത് സംസ്ഥാനത്തിന് ഗുണകരമാണോ ദോഷകരമാണോ; എങ്കിൽ എപ്രകാരമെന്ന് വിശദീകരിക്കുമോ;

(ഡി) നികുതി നിയമം ഏകീകരിക്കുമ്പോൾ നികുതി ഘടന എപ്രകാരമായിരിക്കും;

(ഇ) സംസ്ഥാനത്ത് ഏറ്റവും കൂടിയ വിൽപ്പന നികുതി എത്രയാണ്?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ,

(എ) 16.1.1999-ൽ ന്യൂഡൽഹിയിലെ പാർലമെന്റ് അനക്സിൽവച്ച് ചേർന്ന സംസ്ഥാന മുഖ്യമന്ത്രിമാരുടെയും ധനകാര്യമന്ത്രിമാരുടെയും യോഗത്തിൽവച്ച് സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ബാധകമായ തരത്തിൽ നികുതിനിരക്കുകളിൽ ഏകീകൃത ഫ്ളോർ റേറ്റുകൾ (uniform floor rates) ഏർപ്പെടുത്താൻ തീരുമാനിച്ചു.

(ബി) 1.1.2000 മുതൽ നടപ്പാക്കാനാണ് തീരുമാനം.

(സി) പരിശോധിച്ചുവരുന്നു.

(ഡി) നികുതി നിയമം ഏകീകരിക്കാൻ തീരുമാനിച്ചിട്ടില്ല. നിരക്കുകളിൽ ഫ്ളോർ റേറ്റ് ഏർപ്പെടുത്താനാണ് തീരുമാനം.

(ഇ) 100% (വിദേശ നിർമ്മിത വിദേശമദ്യത്തിന്)

ശ്രീ. പി. രാഘവൻ : സർ, ഇന്നത്തെ നിലയിൽ നമ്മുടെ അയൽപ്രദേശമായ മാഹിയിൽനിന്ന് ഓരോരുകൊല്ലവും കോടിക്കണക്കിന് രൂപവിലയുള്ള സാധനങ്ങളാണ് കേരളത്തിലേക്ക് കൊണ്ടുവരുന്നത്. ഈ ഏകീകൃത വിൽപ്പന നികുതി ഏർപ്പെടുത്തുന്നതോടുകൂടി നമ്മുടെ സംസ്ഥാനത്തിന് എത്രകോടി രൂപയുടെ അധികവരുമാനം ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly